# INDIAN SCHOOL MUSCAT

MIDDLE SECTION

SUMMATIVE ASSESSMENT - 2 (2016-2017)

MALAYALAM

CLASS: VIII MARKS:60
DATE : 12-03-2017 TIME: 2Hrs

I. അർഥം എഴുതുക (½ x 4= 2)

1. മ്ലാനം
2. അശ്വത്ഥം
3. ദശകം
4. സ്പർധ

II. പര്യായം എഴുതുക (1 x 4= 4)

1. ചുണ്ട്
2. തേൻ
3. പുത്രി
4. കുതിര

III. വിപരീതം എഴുതുക (½ x 4= 2)

1. ഗ്രാമീണം
2. ദൃഢം
3. ഉത്തമം
4. ഭൗതികം

IV. എതിർലിംഗമെഴുതുക (½ x 2= 1)

1. ഏകാന്ത
2. ക്ഷീണിതൻ

V. അർഥവ്യത്യാസം എഴുതുക (1 x2 =2)

1. പണി
   പാണി

2. പരിണാമം
   പരിമാണം

VI. നാനാർഥം എഴുതുക (1 x 2= 2)

1. വെള്ളി
2. ഛായ

VII. ശരിയായപദം തിരഞ്ഞെടുത്തെഴുതുക (½ x 4= 2)

1. ശ്മശാനം, ഷ്മശാനം, ശ്മഷാനം
2. വൈദവ്യം, വൈതവ്യം, വൈധവ്യം
3. വിദ്യുച്ഛക്തി, വിദ്യുച്ഛരക്തി, വിദ്യുഛരക്തി
4. അണ്ഡകടാഹം, അണ്ടകടാഹം, അഢകടാഹം

VIII. പിരിച്ചെഴുതി സന്ധി നിർണയിക്കുക (1 x 4= 4)

1. സുന്ദരിക്കാവാസം
2. തുള്ളിച്ചാടി
3. അമ്മാനമാടി
4. മുട്ടിയുരുമ്മി

IX. വാക്യത്തിൽ പ്രയോഗിക്കുക (1x 2= 2)

1. കളിതമാശകൾ പറയുക
2. കൈകോർത്തുപിടിക്കുക

X. ചേരുംപടി ചേർക്കുക (1 x 4= 4)

| | |
|---|---|
| 1. ഉല | വയലാർ രാമവർമ |
| 2. കണികാണാൻ | അക്ബർ കക്കട്ടിൽ |
| 3. എനിക്കു മരണമില്ല | എം.ആർ.ബി. |
| 4. സുഖവാസകേന്ദ്രത്തിലേക്ക് | പി.കുഞ്ഞിരാമൻ നായർ |

## XI. വിഗ്രഹിച്ച് സമാസം എഴുതുക (1 x 4= 4)

1. പുഴക്കര
2. സൗമ്യഭാവം
3. അജയ്യൻ
4. സുഖഭോഗം

## XII. പാഠപുസ്തകത്തിലേതുപോലെ കവിത പൂരിപ്പിക്കുക (4 x 1= 4)

വേനലിൻ ......................................

.................................... കൂത്തുമാടം! (8 വരി )

## XIII. ഒറ്റവാക്കിൽ ഉത്തരമെഴുതുക (1 x 3=3)

1. 'കണികാണാൻ' എന്ന കവിതയിൽ, കവി സങ്കല്പിക്കുന്ന ഏകാന്ത സുന്ദരിയാര്?
2. കേരളീയസമൂഹത്തിൽ നിലനിന്നിരുന്ന ഉച്ചനീചത്വങ്ങൾക്കെതിരെ ശബ്ദമുയർത്തിയ ആധുനിക കവിത്രയത്തിലെ കവിയാര്?
3. ചെങ്കോലിനെ അതൊരു ഇരുതല കൂർത്ത കുന്തമാണെന്ന് അനുഭവിച്ചറിഞ്ഞ്, വലിച്ചെറിഞ്ഞ മഹാനാരായിരുന്നു?

## XIV. പ്രയോഗം മാറ്റുക (1 x 1= 1)

1. വാല്മീകി ക്രൗഞ്ചവിധവയെ നോക്കി നിന്നു.

## XV. ഉത്തരം എഴുതുക ( 3 x 3=9 )

1. ''ഞാനാണ,– തജയ്യനാം 'മനുഷ്യൻ'–ചലിക്കുന്നൂ
   ഞാനഹർന്നിശ,–മെൻെറ സന്ദേശം ജയിക്കുന്നു! ''–ആശയം വിശദമാക്കുക.
2. വിശ്വാമിത്രൻ ചിന്താക്കുഴപ്പത്തിലാകാൻ കാരണമെന്ത്?
3. ആലയിൽ കഥാകാരൻ കണ്ട കാഴ്ചകൾ എന്തെല്ലാം?

XVI. താഴെക്കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക ( 1 x 4=4 )

നാം ഓരോ ദിവസവും പത്രം വായിക്കുമ്പോഴും ടി.വി.കാണുമ്പോഴും കേൾക്കുന്ന വാർത്തകൾ എന്താണ്? മനുഷ്യൻ ജാതിയുടെയും മതത്തിൻെറയും പേരിൽ ചേരി തിരിഞ്ഞ് പോർവിളി നടത്തുന്നു. പരസ്പരം കുത്തി കുടൽമാല എടുക്കുന്നു. ജാതിയുടെയും മതത്തിൻെറയും പേരിൽ നാം ഇങ്ങനെ തല തല്ലിക്കീറുന്നത് ശരിയാണോ? എല്ലാ മതങ്ങളും മനുഷ്യർ തമ്മിൽ സ്നേഹിക്കാനും പരസ്പരം അടുക്കുവാനുമാണ് ഉപദേശിക്കുന്നത്. എല്ലാ മതങ്ങളും സൂക്ഷ്മാംശങ്ങളിൽ ഒന്നാണ്. എല്ലാ പ്രവാചകന്മാരും പഠിപ്പിച്ച കാര്യങ്ങളുടെ സാരാംശവും ഒന്നുതന്നെയാണ്. സ്വാർത്ഥമതികൾ ഇതിനെ വളച്ചൊടിച്ച് നശിപ്പിച്ചിരിക്കുന്നു. ലോകത്തിൽ ഏറ്റവുമധികം നിരപരാധികളെ കൊന്നൊടുക്കിയത് ജാതിയുടെയും മതത്തിൻെറയും പേരിലുള്ള ലഹളകളാണ്. ഹിന്ദുവായാലും മുസ്ലീം ആയാലും ക്രിസ്ത്യൻ ആയാലും വിശപ്പുണ്ടാവും. വിശപ്പടക്കാൻ ആഹാരം വേണം. ഏതു മതത്തിൽ ജനിച്ചാലും എല്ലാവരുടെയും രക്തത്തിന് ഒരു നിറം തന്നെയാണ്. രോഗം വന്നാൽ, ഏതു ജാതിയിൽപ്പെട്ടവർക്കായാലും രോഗം മാറ്റുവാൻ മരുന്ന് ആവശ്യമാണ്. ഒരു മനുഷ്യശിശു ജനിച്ചു വീഴുമ്പോൾ അവന് ജാതിഭേദം ഇല്ല. ആ പിഞ്ചുപൈതലിൻെറ നിർമലഹൃദയത്തിൽ ചേരിതിരിവുകളില്ല. എന്നാൽ വളരുമ്പോൾ മനുഷ്യർ ആ നിഷ്കളങ്കഹൃദയത്തിൽ വിദ്വേഷത്തിൻെറ വിത്തുകൾ വിതയ്ക്കുന്നു. മനുഷ്യനെ ഭിന്നിപ്പിച്ച് വ്യക്തിയുടെയും രാജ്യത്തിൻെറയും യഥാർത്ഥപ്രശ്നങ്ങളിൽ നിന്നും ശ്രദ്ധ തിരിച്ച് മതവിദ്വേഷം വളർത്തുന്നു. ഐക്യം ഇല്ലാതാക്കാനുള്ള പുരോഗതിയെ തടയുവാനുള്ള ഈ നീക്കങ്ങളെ നാളത്തെ പൗരന്മാരായ നമ്മൾ തടയേണ്ടതാണ്. സമൂഹത്തിൽ മതസൗഹാർദ്ദം വളർത്തുവാനുള്ള പരിപാടികൾ നാം സംഘടിപ്പിക്കണം. അത്തരം പരിപാടികളിൽ നാം പങ്കെടുക്കണം.

1. നാം ഓരോ ദിവസവും പത്രം വായിക്കുമ്പോഴും ടി.വി. കാണുമ്പോഴും കേൾക്കുന്ന വാർത്തകൾ എന്താണ്?
2. ജാതിയുടെയും മതത്തിൻെറയും പേരിൽ നാം പരസ്പരം തല തല്ലിക്കീറുന്നത് ശരിയല്ല എന്ന് പറയാൻ കാരണമെന്ത്?
3. നാളത്തെ പൗരന്മാരായ നമ്മൾ തടയേണ്ടതെന്താണ്?
4. മുകളിൽ കൊടുത്തിരിക്കുന്ന ഖണ്ഡികയ്ക്ക് ഉചിതമായ തലക്കെട്ട് നൽകുക.

XVII. നിങ്ങളുടെ വിദ്യാലയത്തിൻെറ പരിസരത്ത് വാഹന അപകടങ്ങൾ തടയാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പൊലിസ് ഇൻസ്പെക്റ്റർക്ക് ഒരു കത്ത് തയ്യാറാക്കുക (4 x 1= 4)

XVIII. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നര പുറത്തിൽ കവിയാതെ ഉപന്യസിക്കുക (6 x 1= 6)

മാധ്യമങ്ങൾ കുട്ടികളിൽ ചെലുത്തുന്ന സ്വാധീനം

അല്ലെങ്കിൽ

ആധുനിക ജീവിതശൈലി സമൂഹത്തിൽ വരുത്തുന്ന മാറ്റങ്ങൾ